**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5284** **05-07-2024 - ൽ മറുപടിയ്ക്ക്**

**നാളികേര കൃഷി വർദ്ധിപ്പിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേര കൃഷി വർദ്ധിപ്പിക്കാനും സംസ്ഥാനത്തിനാവശ്യമായ കേര ഉല്പന്നങ്ങൾ ഇവിടെ ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | നാളികേര കൃഷി വർദ്ധിപ്പിക്കാനും സംസ്ഥാനത്തിനാവശ്യമായ കേര ഉല്പന്നങ്ങൾ ഇവിടെ ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായും നാളികേര കൃഷി വർദ്ധിപ്പിക്കാനും നാളികേര വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. കേരഗ്രാമം, കേര രക്ഷ വാരം, നാളികേര വികസന കൗൺസിൽ മുഖേനയുള്ള തെങ്ങിൻ തൈകളുടെ വിതരണം, വിത്ത് തേങ്ങാ സംഭരണം എന്നിവയാണ് പ്രധാന ഘടകങ്ങൾ.<br><br>i) കേരഗ്രാമം പദ്ധതിയിൽ സമഗ്രമായി തെങ്ങു കൃഷിയെ പരിപാലിക്കുന്നതിൽ ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷം കർഷകർക്ക് ധനസഹായം നൽകുന്നു. |

ii) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പവരുത്തുക എന്നിവ ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപികരിച്ചു. സംസ്ഥാനത്തെ നാളീകേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചു മാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുക, നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപാദനം വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തു തേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻ തോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തൈയുടെ വിലയിൽ 50 % സബ്സിഡി നൽകി സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. ഗുണ നിലവാരമുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കാൻ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നിന്നും വിത്തു തേങ്ങാ സംഭരിച്ച് കൃഷി വകുപ്പ് ഫാമുകളിൽ പാകാനായി നൽകുന്നു.

iii) കേര രക്ഷ വാരം: സംസ്ഥാനത്ത് ഒന്നടങ്കം നടപ്പിലാക്കിയ കേര രക്ഷ വാരം പദ്ധതിയിൽ തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിൻ ചുവട്ടിൽ ഇടുന്ന പച്ചിലവള വിത്തുകൾ മുളച്ച് പുഷ്പിക്കുമ്പോൾ മണ്ണിലേക്ക് ഇളക്കി ചേർക്കുന്നു. കൂടാതെ തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളായ കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയുടെ നിയന്ത്രണത്തിന്റെ ഭാഗമായി തെങ്ങിന്റെ മണ്ടവൃത്തിയാക്കി മരുന്ന് തളി നടത്തുന്നതിന് തെങ്ങ് ഒന്നിന് 75 രൂപ നിരക്കിൽ

സബ്സിഡി നൽകുന്നുണ്ട്. നാളികേര വികസന ബോർഡ് വഴി കേന്ദ്ര പദ്ധതികളിൽ മാതൃക കൃഷി തോട്ടം സ്ഥാപിക്കൽ (Laying out of Demonstration plots (LODP), ജൈവ വള നിർമ്മാണയൂണിറ്റ് സ്ഥാപിക്കൽ, തെങ്ങിൻപുരയിടങ്ങളിലെ പുനർനടിലും പുനരുദ്ധാരണവും (Replanting & Rejuvenation), തെങ്ങിന് ഇൻഷ്വറൻസ് എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. കേരഗ്രാമങ്ങളിൽ കേര സമിതികൾ /SHGs മുഖേന മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുകയും സംരംഭം തുടങ്ങുന്നതിനു 2 ലക്ഷം രൂപ ധനസഹായവും നൽകിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന കേരഫെഡ് കേര കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവില നൽകി കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി ഉപയോഗിക്കുന്നു. 2023-24 കാലയളവിൽ 64.16 കോടി രൂപയ്ക്ക് പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചിട്ടുണ്ട്. നാളികേര ഉല്പന്നങ്ങളായ വെളിച്ചെണ്ണ, മിൽക്ക് പൗഡർ, ഡെസിക്കേറ്റഡ് കോക്കനട്ട്, ഹെർബൽ ഓയിൽ എന്നിവ കേരഫെഡ് ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നു .

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ കൊപ്രയാക്കി അതിൽ നിന്നും ഡബിൾ ഫിൽറ്റേർഡ് റോസ്റ്റഡ് വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, ലോ ഫാറ്റ് ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കൂടാതെ വെളിച്ചെണ്ണയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നമായ ആയുർവേദിക് ഹെയർ ഓയിൽ എന്നിവ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിപണനം നടത്തി വരുന്നു. കൂടാതെ വെളിച്ചെണ്ണയിൽ നിന്നുള്ള കൊതുക് നാശിനി, ബേബി ഓയിൽ, കോക്കനട്ട് മിൽക്ക്, കോക്കനട്ട് പൗഡർ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി (PSS) പ്രകാരം കൊപ്ര സംഭരണത്തിനുള്ള കേന്ദ്ര നോഡൽ ഏജൻസി നാഫെഡാണ്. കൊപ്ര സംഭരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാന തല ഏജൻസികളായി മാർക്കറ്റ് ഫെഡിനെയും

| | | | |
|---|---|---|---|
| | | | വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനേയും (VFPCK) സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം വിവിധ FPOകൾ, FPC കൾ, FIG കൾ, MSME യൂണിറ്റുകൾ, കൃഷിക്കൂട്ടങ്ങൾ, സർവീസ് സഹകരണ സംഘങ്ങൾ, എന്നിവ കൂടാതെ മറ്റ് ഏജൻസികളും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. നാളികേരം ഉൾപ്പടെയുള്ള വിളകളുടെ മൂല്യവർദ്ധനവിൽ ഊന്നിക്കൊണ്ടുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വരുമാനം ഉറപ്പാക്കുന്നതിനുമായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിനു കീഴിൽ വിവിധ FPOകൾ, FPC കൾ, FIG കൾ, MSME യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ SFAC-യ്ക്കു കീഴിൽ ആനുകൂല്യം ലഭിച്ച 18 MSME യൂണിറ്റുകളും നാളികേരത്തിൽ നിന്നുള്ള വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ. തേങ്ങാച്ചമ്മന്തിപ്പൊടി, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ഇളനീർ ജ്യൂസ്, ഫ്രഷ് കോക്കനട്ട്, ശീതീകരിച്ച വറ്റൽ തേങ്ങാ, ശീതീകരിച്ച അരിഞ്ഞ തേങ്ങാ എന്നിങ്ങനെ തേങ്ങയിൽ നിന്നുള്ള വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (ബി) | നിലവിൽ തമിഴ്നാട് ഉൾപ്പെടെയുള്ള അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും ഇളനീർ, വെളിച്ചെണ്ണ തുടങ്ങിയ നാളികേരോല്പന്നങ്ങൾ സംസ്ഥാന വിപണിയിൽ നിന്നും അമിതലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ നാളികേര കൃഷി ഫലപ്രദമാക്കാനും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള നാളികേരോല്പന്നങ്ങളുടെ വിപണനം തടഞ്ഞ് സംസ്ഥാനത്തെ നാളികേര കർഷകർക്ക് സംരക്ഷണവും വിപണനവും ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തു നാളികേര കൃഷി നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനമായി കീടരോഗ ആക്രമണം, തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം, വിലയിടിവ് എന്നിവ വളരെ അധികം കർഷകരെ ബാധിക്കുന്നു. സംസ്ഥാനത്തെ നാളികേര കൃഷി ഫലപ്രദമാക്കാൻ നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതു വഴി ഉല്പാദനം കൂട്ടാൻ സാധിക്കും ഇപ്പോൾ നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതി ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു. വരും വർഷങ്ങളിൽ കേരഗ്രാമങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായി സംസ്ഥാന സർക്കാർ 2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചു. കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ മുതല്ലാണ് 34/- രൂപയായി സർക്കാർ നിശ്ചയിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ